നം: 47/PR/2023/I&PRD

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ഫോൺ : 0471 2518637

തീയതി : 13/10/2023

## ക്വട്ടേഷൻ ക്ഷണിക്കുന്നു

2023 നവംബർ 01 മുതൽ 07 വരെ തിരുവനന്തപുരത്ത് നടക്കുന്ന കേരളീയം 2023 പരിപാടിയുടെ ഭാഗമായുള്ള പ്രചാരണ പ്രവർത്തനങ്ങൾക്കായി തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ മീഡിയ സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഈ മീഡിയ സെന്ററിലേക്ക് പ്രചാരണ പരിപാടികളുടെ യാത്രാ ആവശ്യങ്ങൾക്കായി 5 സീറ്റർ, 7 സീറ്റർ വാഹനങ്ങൾ ഡ്രൈവർ സഹിതം ലഭ്യമാക്കുന്നതിന് ഈ രംഗത്ത് അഞ്ചു വർഷമെങ്കിലും പ്രവൃത്തി പരിചയമുള്ള വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. 5 സീറ്റർ / 7 സീറ്റർ വാഹനങ്ങൾക്ക് ഇന്ധനം, ഡ്രൈവർ, മറ്റു ചെലവുകൾ എന്നിവയടക്കം വരുന്ന ആകെ ചെലവുകൾ പ്രത്യേകമായി ക്വട്ടേഷനിൽ വ്യക്തമാക്കിയിരിക്കണം.

### നിബന്ധനകൾ

1. തെരഞ്ഞെടുക്കപ്പെടുന്ന വാഹന ഉടമകൾ/സ്ഥാപനങ്ങൾ കേരളീയം പ്രചാരണ പരിപാടിയുമായി ബന്ധപ്പെട്ട് മീഡിയ സെന്ററിൽ ഡ്യൂട്ടിക്കു നിയോഗിച്ചിരിക്കുന്ന പി.ആർ.ഡി. ഉദ്യോഗസ്ഥരുടെ നിർദേശാനുസരണം യാത്രാ സൗകര്യം ലഭ്യമാക്കണം.
2. പരിപാടി അവസാനിക്കുന്ന 2023 നവംബർ 07 വരെ അവധി ദിനങ്ങളിലടക്കം 24 മണിക്കൂറും ജോലി സന്നദ്ധരായിരിക്കണം.
3. വാഹനങ്ങളുടെ ഇന്ധനം, ഡ്രൈവറുടെ ചെലവുകൾ, വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ, സ്പെയർപാർട്സ് അടക്കമുള്ള മറ്റു ചെലവുകൾ, ഡ്യൂട്ടിക്കിടയിലെ പാർക്കിങ് സൗകര്യം തുടങ്ങിയവ സ്വന്തം നിലയിൽ നിർവഹിക്കണം.
4. തെരഞ്ഞെടുക്കപ്പെടുന്ന വാഹനം തകരാറിലാകുകയോ യാത്രാ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാതാകുകയോ ചെയ്താൽ പകരം വാഹനം ഏർപ്പെടുത്തണം.

മേൽപ്പറഞ്ഞ നിബന്ധനകളെല്ലാം പാലിക്കുന്ന മുദ്രവച്ച ക്വട്ടേഷനുകൾ **2023 ഒക്ടോബർ 20ന് ഉച്ചയ്ക്ക് 12:00നു** മുൻപായി ഡെപ്യൂട്ടി ഡയറക്ടർ (എം.ആർ), ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, നോർത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭ്യമാക്കണം. ക്വട്ടേഷനുകൾ **2023 ഒക്ടോബർ 20ന് ഉച്ചകഴിഞ്ഞു മൂന്നിനു** ഹാജരുള്ള ക്വട്ടേഷണർമാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

ഡെപ്യൂട്ടി ഡയറക്ടർ (എം.ആർ)
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

പകർപ്പ്
1) ഐപിആർഡി വെബ്സൈറ്റ്
2) നോട്ടിസ് ബോർഡ്
3) ഓഫിസ് കോപ്പി